**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **02-02-2024 - ൽ മറുപടിയ്ക്ക്**

**ജൈവകാർഷിക മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാനത്തെ പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിച്ച് സുരക്ഷിത ഭക്ഷ്യോത്പാദനത്തിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളങ്ങളുടെയും രാസ കീടനാശിനികളുടെയും അമിത ഉപയോഗത്തിന്റെ ഫലമായി മണ്ണിനും മനുഷ്യനും പരിസ്ഥിതിയ്ക്കുമുണ്ടാകുന്ന ദൂഷ്യ ഫലങ്ങൾ സുരക്ഷിത ഭക്ഷ്യോത്പാദനത്തിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 2010-ൽ ജൈവകൃഷി നയം പ്രഖ്യാപിക്കുകയുണ്ടായി. ജൈവ കാർഷിക മേഖലയിൽ ശക്തമായ ഇടപെടൽ നടത്തുന്നതിനും മണ്ണിനേയും പരിസ്ഥിതിയേയും സംരക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുമായി 26.10.2023 ലെ സർക്കാർ ഉത്തരവു പ്രകാരം ജൈവകാർഷിക മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) | സുരക്ഷിത ഭക്ഷ്യോത്പാദനത്തിനായി ശാസ്ത്രീയ ജൈവകൃഷി പ്രചരിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സുരക്ഷിത ഭക്ഷ്യോത്പാദനത്തിനായി ശാസ്ത്രീയ ജൈവ കൃഷി പ്രചരിപ്പിക്കുന്നതിന് 2010-ൽ ജൈവ കാർഷിക നയം രൂപീകരിക്കുകയും ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടലുകൾ നടത്തുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. ശാസ്ത്രീയ ജൈവ കൃഷി പ്രചരിപ്പിക്കുന്നതിന് കേന്ദ്ര സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും സംസ്ഥാന പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും എന്നിവയിലൂടെ കർഷകർക്ക് ശാസ്ത്രീയവും നൂതനവുമായ ജൈവ കൃഷി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, കൃഷിയിട പഠന സന്ദർശന യാത്രകൾ, കിസാൻ മേളകൾ എന്നിവ |

| | | | |
|---|---|---|---|
| | | | നടത്തി വരുന്നു. കേന്ദ്ര സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം സംസ്ഥാനത്തെ 82000 ഹെക്ടർ സ്ഥലത്തെ കർഷകർക്ക് ശാസ്ത്രീയവും നൂതനവുമായ ജൈവ കൃഷി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു വേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടികൾ, കൃഷിയിട പഠന സന്ദർശന യാത്രകൾ, കിസാൻ മേളകൾ എന്നിവ നടത്തിവരുന്നു. ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിനും പ്രസ്തുത ക്ലസ്റ്ററിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനും ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ (FIG) ക്കുള്ള ആനുകൂല്യവും തദ്ദേശീയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യവും പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണത്തിനായും മാതൃക കൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായധനവും പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് നൽകി വരുന്നു. ചുരുങ്ങിയത് 500 ഹെക്ടർ വീതമുള്ള ക്ലസ്റ്ററുകളിലായി നടപ്പിലാക്കുന്ന ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി ഒരു ജൈവകൃഷി ക്ലസ്റ്ററിന് മൂന്നു വർഷങ്ങളിലായി 62.22 ലക്ഷം രൂപയുടെ സഹായമാണ് നൽകുന്നത്.<br><br>ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാന പദ്ധതിയിലൂടെ ഉത്തമ ജൈവമുറകൾ അവലംബിക്കുന്ന ക്ലസ്റ്ററുകൾക്ക് 10000 രൂപയും പച്ചില വള പ്രയോഗത്തിനായി ഹെക്ടറിന് 3000 രൂപയും ജൈവവള നിർമ്മാണ യൂണിറ്റുകൾ തയ്യാറാക്കുന്നതിനുള്ള പിന്തുണയായി 30,000 രൂപയും നൽകി വരുന്നു.<br><br>ഉത്തമ കൃഷി മുറകൾ പാലിച്ച് കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും ആയത് ഉപഭോക്താക്കൾക്ക് ന്യായ വിലക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിന് കൃഷി ഭവനുമായി സഹകരിച്ച് കർഷകരുടെ സഹായത്തോടെ 2022-23 വരെ 286 ഇക്കോഷോപ്പുകൾ പ്രസ്തുത പദ്ധതിയിൻ കീഴിൽ സ്ഥാപിച്ചു. ഈ ഇക്കോഷോപ്പുകളിലൂടെ വിൽക്കുന്ന ഉല്പന്നങ്ങൾ "സേഫ് റ്റു ഈറ്റ് കേരള ഓർഗാനിക് "എന്ന ബ്രാൻഡിൽ പ്രത്യേകം പാക്ക് ചെയ്തു വില്പന നടത്തുന്നു.<br><br>ജൈവ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ജൈവ സർട്ടിഫിക്കേഷനുള്ള സഹായവും ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്. |

(സി) ശാസ്ത്രീയ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവ ഉത്പാദനോപാധികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ജൈവകാർഷിക മിഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ശാസ്ത്രീയ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവ ഉല്പാദനോപാധികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും 26.10.2023 ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം സംസ്ഥാന സർക്കാർ ജൈവ കാർഷിക മിഷൻ രൂപീകരിച്ചു.

**<u>മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ</u>**

- പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുക.
- കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷി മുറകൾ നടപ്പിലാക്കുക.
- സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.
- വ്യത്യസ്ത അഗ്രോ എക്കളോജിക്കൽ സോണിൽ വരുന്ന പഞ്ചായത്തുകളെ തിരഞ്ഞെടുത്തു ജൈവ കൃഷി നടപ്പിലാക്കുക.
- ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുക.
- ജൈവകൃഷിക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ ഫാമുകൾ കുറഞ്ഞത് അഞ്ചു വർഷം വരെയെങ്കിലും ജൈവ കൃഷി തുടരുമെന്ന് ഉറപ്പാക്കുക.
- കർഷകന്റെ കൃഷിയിടങ്ങളിൽ നിശ്ചിത അനുപാതത്തിലുള്ള ഭൂമി മാത്രം ജൈവകൃഷിയിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
- ഫാം പ്ലാൻ മാതൃക IFS പ്ലോട്ടുകളുടെ വികസനത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.
- കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10%-ൽ കുറയാത്ത സ്ഥലത്തു ജൈവ കൃഷി ആരംഭിക്കുക.
- ജൈവ കൃഷിയ്ക്ക് ആവശ്യമായി വരുന്ന ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട

സംരംഭങ്ങൾ കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ തുടങ്ങുക.

- ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.
- ജൈവ ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടിക്രമങ്ങളും വികസിപ്പിക്കുക.
- കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക.
- ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനോടൊപ്പം ജൈവ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ലാഭകരമായ വില നിശ്ചയിക്കുന്നതിനും കർഷകർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
- കർഷക രജിസ്ട്രേഷൻ, ഉല്പാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാന്റിംഗ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.
- നിലവിൽ ജൈവകൃഷി നടപ്പിലാക്കുന്നതിലുള്ള ന്യൂനതകൾ സംബന്ധിച്ച് പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി നടപ്പിലാക്കുക.
- ജൈവകൃഷിയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.<br>• എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവ കൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ, കൃഷി കൂട്ടങ്ങളെയും FPO കളെയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക.<br><br>മിഷന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന/ ജില്ലാ/ ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ പദ്ധതി നടത്തിപ്പ് ചുമതലകൾ നിർവഹിക്കുന്നതിനായി ഒരു നിർവഹണ സംവിധാനം വിഭാവനം ചെയ്യുന്നു. |
| (ഡി) | സംസ്ഥാനത്ത് ജൈവകാർഷിക മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം (2023-24) ജൈവ കൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനുമായി നടപ്പിലാക്കുന്ന എല്ലാ കേന്ദ്ര സംസ്ഥാന പദ്ധതികളും ജൈവ കാർഷിക മിഷന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷി മുറകൾ അവലംബിക്കുന്നതിനോടൊപ്പം പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതിനായി ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്ത് കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുക എന്നുള്ള ലക്ഷ്യത്തിലൂന്നി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരളത്തിൽ ജൈവ കൃഷി ചെയ്യുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭ്യമാക്കുന്നതിന് വേണ്ടി PGS ഓർഗാനിക് സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിന്, കൃഷി വകുപ്പിന്റെ കീഴിലുള്ള സമേതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ